# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുറവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-2/732/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-2/732/2021 തീയ്യതി: 24/09/2021

## ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ. രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനിത | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| സോമൻ | | | |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. മോളി രാജേന്ദ്രൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. സതീദേവി രാമൻ നായർ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ജെയിൻ ഏണസ്റ്റ് (ധനകാര്യം) | ചെയർപേഴ്സൺ | 01-04-2020 | 10-11-2020 |
| | | 30-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുചിത്ര ബി. ഷേണായി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശാലിനി വിൽക്കിൻസൺ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. നീനാ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ലക്ഷ്മി യശോദരൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. ലീന ഡെന്നീസ് | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ] ശ്രീ. സൈമൺ അലിൻ ടി.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തുറവൂർ) | 01-04-2020 | 28-02-2021 |
| സുനീഷ് കെ.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തുറവൂർ) | 01-03-2021 | 31-03-2021 |
| ശ്രീ. അനിൽകുമാർ കെ.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മനക്കോടം) | 01-04-2020 | 08-06-2020 |
| സജിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മനക്കോടം) | 09-06-2020 | 31-03-2021 |
| ശ്രീമതി. ധന്യ കെ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 11-01-2021 |
| ശീതൾ പ്രദപ് കുമാർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-01-2021 | 31-03-2021 |
| ശ്രീമതി. മഹിളാമണി | എച്ച്.എം., ഗവ. എൽ.പി.എസ് | 01-04-2020 | 24-05-2020 |

| | | | |
|---|---|---|---|
| കലാവതി | എച്ച്.എം., ഗവ. എൽ.പി.എസ് | 25-05-2020 | 31-03-2021 |
| ശ്രീമതി. ദിവ്യ ജോൺ | അസി. എഞ്ചിനീയർ | 01-04-2020 | 03-12-2020 |
| സിനി എസ് | അസി. എഞ്ചിനീയർ | 04-12-2020 | 31-03-2021 |
| ശ്രീമതി. ആശാ ബി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ഫൌലാദ് എ.എഫ്. | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Rajesh K.G (Asst. Audit Officer, On 02-08-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന- പ്രധാന ന്യൂനതകൾ<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Joseph George (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-10 |
| 12 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Preetha (Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-11 |
| 13 | മൊബൈൽ ടവർ-വസ്തുനികുതി<br>Written By: Preetha (Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-12 |
| 14 | ഇടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് തിരികെ ലഭിച്ചിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 30-07-2021) | 1-13 |
| 15 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Preetha (Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-14 |
| 16 | വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് മുദ്രപത്രം വാങ്ങിയില്ല.<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-15 |
| 17 | കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കുന്നതിൽ അനാസ്ഥ.<br>Written By: T.M Roy (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-16 |

| | | |
|---|---|---|
| 18 | മൺചട്ടി വിതരണം – മുൻകൂർ തുക നൽകി- വിതരണം പാതിവഴിയിൽ.<br>Written By: T.M Roy (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-17 |
| 19 | അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി ചുമത്തി<br>Written By: T.M Roy (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 01-08-2021) | 1-18 |
| 20 | പച്ചക്കറിത്തൈ വിതരണം ചെയ്യുന്നതിന് മുമ്പ് തുക നൽകി<br>Written By: T.M Roy (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 01-08-2021) | 1-19 |
| 21 | എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ – ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: T.M Roy (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-20 |
| 22 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-21 |
| 23 | സാന്ത്വന പരിചരണ പരിപാടി-2020-21 -മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചില്ല<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-22 |
| 24 | അഡ്വാൻസായി തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-23 |
| 25 | ആയുഷ് ഹോമിയോ ആശുപത്രി -മരുന്നുകൾ ലഭിച്ചില്ല<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-24 |
| 26 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതി- അപാകതകൾ<br>Written By: Preetha (Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-25 |
| 27 | നിർജ്ജീവാവസ്ഥയിലുള്ള ബാങ്ക് അക്കൌണ്ടുകൾ<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-26 |
| 28 | ഇൻഫർമേഷൻ കേരളമിഷന് വിഹിതം നൽകൽ- വിനിയോഗ വിവരമില്ല<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-27 |
| 29 | ലൈഫ് -സമ്പൂർണ്ണ പാർപ്പിട പദ്ധതി-നിർമ്മാണ പുരോഗതി വിവരം<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-28 |
| 30 | ലാന്റ് റിലിങ്കിഷ്മെന്റ്- തുടർ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-29 |
| 31 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | 1-30 |
| 32 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ബിൽ | 1-31 |

| | | |
|---|---|---|
| | പ്രകാരമുള്ളതിലും അധികം തുക നൽകി<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 10-09-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം<br>Written By: Joseph George (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 18-09-2021) | 4-1 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്.

2020-21 വർഷത്തെ ബജറ്റ് 12.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 30.01.2021-ലെ 20(1)നമ്പർ തീരുമാനം പ്രകാരം അംഗീകരിക്കുകയുണ്ടായി. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ഒറിജിനൽ ബജറ്റ് പ്രകാരം | 25,38,77,751 | 25,11,00,000 |
| പരിഷ്കരിച്ച ബജറ്റ് പ്രകാരം | 25,00,37,751 | 24,72,60,000 |
| വാർഷിക കണക്ക് പ്രകാരം | 12,22,56,085 | 10,53,02,627 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാംവകുപ്പ്, ഉപവകുപ്പ് (1) അനുസരിച്ച്, ഈ നിയമത്തിലെ 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും, അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്കുണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും, അതതുവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതായി കാണുന്നില്ല.2019-20,2020-21 വർഷങ്ങളിലെ ബജറ്റ് തയാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുകൂട്ടിയിട്ടില്ല. ഇപ്രകാരം നിയമം അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയാറാക്കുന്നത് മൂലം യാഥാർത്ഥ്യത്തിൽ നിന്നും ഗണ്യമായ വ്യത്യാസം ബജറ്റിൽ പ്രതിഫലിക്കുന്നുണ്ട്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 28.05.2021 | - | - |

## 1-2-1 വാർഷിക കണക്ക് പരിശോധന- പ്രധാന ന്യൂനതകൾ

ഉറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-I പ്രകാരം Profession Tax Employees എന്ന ഇനത്തിലുള്ള ഡിമാന്റ് തുക 1520430/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള തൻ വർഷത്തെ ഡിമാന്റ് തുക 1475860/-രൂപയാണ്.

3.Profession Tax Employees ഡി.സി.ബി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 190740/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. Profession Tax -Institutions ഡി.സി.ബി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 15,750/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം ഈയിനത്തിൽ തുകയൊന്നും തന്നെ ലഭിക്കാനില്ല.

4. Profession Tax Traders ഇനത്തിലെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ എന്നിവയും, Licence Fees ഡിമാന്റ്, Advance Collection എന്നിവയും ഡി.സി.ബി രജിസ്റ്റർ, ബാലൻസ് ഷീറ്റ് എന്നിവയിൽ

വ്യത്യസ്തമായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. Profession Tax Traders ബാലൻസ് ഷീറ്റ് പ്രകാരം 15,750രൂപ കുടിശ്ശികയുണ്ട് .ഡി.സി.ബി രജിസ്റ്റർ പ്രകാരം തുകയൊന്നും ലഭിക്കാനില്ല.

5. 2019-20 ൽ ഡെപ്പോസിറ്റുകളുടെ Headwise Details തയ്യാറാക്കാത്തതിനാൽ മുൻ ബാക്കിയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

6.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് ചെലവ്,നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് ജോലിയുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയ തുകയും ഫയലുകളിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

6..പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ കൃത്യമായ ഡി.സി.ബി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

7.വാടക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ഡി.സി.ബി രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള ആകെ തുക രജിസ്റ്ററിലെ വാടക വരവുമായി പൊരുത്തപ്പെടുന്നില്ല. ഓരോ ഷോപ്പിന്റെയും വാടക ലഭിക്കുന്നത് കൃത്യമായി പോസ്റ്റ് ചെയ്യുന്നില്ല. ഓരോ ഷോപ്പിന്റെയും വാടകയുടെ ഡി.സി.ബി വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല.

8.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

9. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions)

10.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax Non Residential Buildings ഉൾപ്പടെയുള്ള Prior Period Income എന്ന ഇനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

11.സ്ഥിരം നിക്ഷേപമായി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക മുൻ വാർഷിക കണക്കുകളിൽ ഉൾപ്പെട്ട അതേ സംഖ്യ തന്നെയാണ്. ലഭിക്കാനുള്ള പലിശക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36096085 |
| വരവ് | 86160000 |
| ആകെ | 122256085 |
| ചെലവ് | 105302627 |
| നീക്കിയിരിപ്പ് | 16953458 |

## 1-4 ഫണ്ട് വിനിയോഗം

| | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23064973 | 23064973 | 19293380 | 3771593 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11148627 | 11148627 | 8775229 | 2373398 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, റോഡ് | 0 | 2759000 | 2759000 | 2730030 | 28970 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5829437 | 5829437 | 5829437 | 0 | |
| സി.എഫ്.സി. | 0 | 24749595 | 24749595 | 11821743 | 12927852 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 244 | 160548501 | 152 | 68071945 | 39 | 53 | 62.30 % |

2020-21 ൽ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കാതെ പൂർണ്ണമായി ഉപേക്ഷിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോക്ടിന്റെ പേര് |
|---|---|---|
| 1 | 07/21 | അങ്കണവാടികൾക്ക് ബേബി ബെഡ് |
| 2 | 14/21 | ജെന്റർ റിസോഴ്സ് സെന്റർ |
| 3 | 15/21 | അങ്കണവാടി ജീവനക്കാർക്കുള്ള അധിക വേതനം |
| 4 | 18/21 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ |
| 5 | 25/21 | എൻസിഡി ക്ലിനിക്കിലേയ്ക്ക് ഗ്ലൂക്കോമീറ്റർ വാങ്ങൽ |
| 6 | 26/21 | ശ്വാസകോശ നിർണ്ണയ ക്യാമ്പ് |
| 7 | 33/21 | എൽഇഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ |
| 8 | 41/21 | പൂരന്ദരേശ്വരം-ഇരുത്തിപ്പള്ളി റോഡ് മെറ്റലിംഗ് ടാറിംഗ് |
| 9 | 42/21 | ഇരുത്തേഴത്ത് തെരുവിൽ റോഡ് ഫോർമേഷൻ |
| 10 | 47/21 | നേതാജി-എസ്എൻഡിപി റോഡ് മെറ്റലിംഗ് ടാറിംഗ് |
| 11 | 48/21 | തിരുവെങ്കിടപുരം റോഡ് മെറ്റലിംഗ് ടാറിംഗ് |
| 12 | 51/21 | മിൽമ-പട്ടത്താളി റോഡ് ഫോർമേഷൻ |
| 13 | 53/21 | വയോ ക്ലബ് |
| 14 | 58/21 | 127-ാം നമ്പർ അങ്കണവാടി റോഡ് മെറ്റലിംഗ് ടാറിംഗ് |
| 15 | 60/21 | ആയുർവേദ സബ്സെന്റർ-മനക്കോടം റോഡ് നിർമ്മാണം |
| 16 | 61/21 | തോപ്പിൽ റോഡ് മെറ്റലിംഗ് ടാറിംഗ് |
| 17 | 62/21 | തരശ്ശിൽകടവ്- പുതിയ നികർത്ത് കോൺക്രീറ്റ് പാലം |
| 18 | 67/21 | വാലയിൽ-വലിയ വീട്ടിൽ ഫുട്പാത്ത് |
| 19 | 68/21 | 127-ാം നമ്പർ അങ്കണവാടിയ്ക്ക് അധിക |

| | | |
|---|---|---|
| | | സൌകര്യമൊരുക്കൽ |
| 20 | 69/21 | വാലയിൽ ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് |
| 21 | 71/21 | പണിക്കൻ തുരത്ത് റോഡ് മെറ്റലിംഗ് |
| 22 | 75/21 | വനിതകൾക്ക് യോഗ പരിശീലനം |
| 23 | 77/21 | എൽ പി സ്കൂളുകൾക്ക് കുളിമുറി നിർമ്മാണം |
| 24 | 78/21 | എസ്സി ഓഡിറ്റോറിയത്തിൽ കുളിമുറി നിർമ്മാണം |
| 25 | 79/21 | അസി.എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വണ്ടി ഹയർ ചെയ്യൽ |
| 26 | 87/21 | ഗെയിംഫെസ്റ്റിവെൽ |
| 27 | 89/21 | എൽ പി സ്കൂൾ വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങൾ |
| 28 | 91/21 | തരശ്ശിൽകടവ്- പുതിയ നികർത്ത് കോൺക്രീറ്റ് പാലം |
| 29 | 93/21 | വനിതകളുടെ തയ്യൽ ഡിസൈനിംഗ് യൂണിറ്റിന് ധനസഹായം നൽകൽ |
| 30 | 94/21 | സംരഭക ക്ലബ് |
| 31 | 95/21 | ലൈഫ് ഭവന പദ്ധതി ഫേസ്3(എസ് സി) |
| 32 | 99/21 | പി.എം.എ.വൈ വിഹിതം നൽകൽ (ജനറൽ) |
| 33 | 101/21 | സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷന്) ഹഡ്കോ ലോൺ വായ്പ |
| 34 | 105/21 | വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് തുക നൽകൽ |
| 35 | 108/21 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ വാർഡ് 17(എസ് .സി.) |
| 36 | 110/21 | പുളിത്തറ ക്കടവ് പാലം റോഡ് വാർഡ് 8 |
| 37 | 115/61 | ഇല്ലിക്കൽ-തെക്കേക്കാട് റോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 17 |
| 38 | 116/21 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ |
| 39 | 118/21 | അങ്കണവാടി നമ്പർ126 മെയിന്റനൻസ് |
| 40 | 119/21 | അറയ്ക്കൽ -തോട്ടുങ്കര-കളരിക്കൽ തോട് ആഴം കൂട്ടി ശുചീകരണം |
| 41 | 123/21 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ(എസ്.സി) |
| 42 | 124/21 | സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ(ഷീ പാഡ്) |
| 43 | 172/21 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് |
| 44 | 174/21 | സുഭിക്ഷ കേരളം-തരിശ് നെൽകൃഷി |
| 45 | 176/21 | സുഭിക്ഷ കേരളം-തരിശ് പച്ചക്കറി കൃഷി |
| 46 | 177/21 | സുഭിക്ഷ കേരളം-തരിശ് കിഴങ്ങ് വർഗ്ഗകൃഷി |
| 47 | 178/21 | സുഭിക്ഷ കേരളം-തരിശ് പയർ വർഗ്ഗങ്ങൾ കൃഷി |
| 48 | 181/21 | സുഭിക്ഷ കേരളം- കൃഷി പാഠശാല |
| 49 | 249/21 | മൂലേക്കളം നടപ്പാത വാർഡ് 15 |

| | | |
|---|---|---|
| 50 | 254/21 | ജലജീവൻ മിഷന് വേണ്ടി വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറൽ |
| 51 | 255/21 | അങ്കണവാടി ജീവനക്കാർക്കുള്ള അധിക വേതനം |
| 52 | 269/21 | നിലാവ്-എൽഇഡി ലൈറ്റുകൾ സ്ഥാപിക്കൽ |
| 53 | 278/21 | ലൈഫ് ഭവന പദ്ധതി 2020-21(SC) |

പദ്ധതികൾ ശരിയായി ആസൂത്രണം ചെയ്യാതിരുന്നതു മൂലം ഇത്തരത്തിൽ 53 പദ്ധതികൾ ഉപേക്ഷിക്കേണ്ടി വന്നത് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഫീസിബിലിറ്റി, ഫണ്ടിന്റെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ നന്നായി വിശകലനം ചെയ്ത് പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 517547 | 1632788 | 2150335 | 2022014 | 128321 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 75545986 | 75545986 | 75545986 | 0 |
| | 517547 | 77178774 | 77696321 | 77568000 | 128321 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 214440 | 302 |
| കർഷകതൊഴിലാളി പെൻഷൻ | 7751300 | 517 |
| വിധവാപെൻഷൻ | 12460600 | 790 |
| വാർദ്ധക്യകാലപെൻഷൻ | 30559300 | 2321 |
| വികലാംഗപെൻഷൻ | 5687400 | 367 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1890600 | 128 |
| വിവാഹധനസഹായം | 330000 | 11 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-07-2021 തീയതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 11,785/- രൂപ ക്യാഷ് ബാലൻസിന്റെ(നീക്കിയിരുപ്പിന്റെ) കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകളിൽ പോലും ആയത് അടങ്കലിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടാണ് ഇപ്രകാരമുള്ള പ്രോജക്കുകൾക്കായി ഉപയോഗപ്പെടുത്തുന്നത്. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. കരാർ അടിസ്ഥാനത്തിൽ ജോലിനോക്കുന്ന തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ സേവന പുസ്തകം പരിപാലിയ്ക്കപ്പെടുന്നില്ല. ക്യാൻസൽ ചെയ്യുന്ന മാന്വൽ രസീതുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. ലൈസൻസ്, വാടക രജിസറ്ററുകളിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. സൂചിക ബാക്ക് ഓഫീസ് പ്രവർത്തനക്ഷമതാ റിപ്പോർട്ട് പരിശോധിച്ചതിൽ സെക്ഷനുകളിൽ നടപടി ആരംഭിച്ചിട്ടില്ലാത്ത ഫയലുകളുടെ എണ്ണം 22 മുതൽ 1344 വരെയാണെന്ന് കാണുന്നു. ഡിലേയ്ഡ് ഫയലുകളുടെ എണ്ണവും ഇതുപോലെ ധാരാളമുള്ളതായും കാണുന്നു. സൂചികാ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴി സ്വീകരിച്ച തപാലുകൾ ഫിസിക്കലായി തീർപ്പാക്കിയാലും യഥാസമയം സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ നടത്താത്തത് മൂലമാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് സെക്ഷനുകളിൽ നിന്ന് വിശദീകരണം ലഭ്യമാവുകയുണ്ടായി.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.2.2021 | 12/2020 To 01/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2017 To 03.06.2017 | 2012-13 To 2016-17 | 31.07.2017 |

പെർഫോമൻസ് ഓഡിറ്റ് വിഭാഗം 01/2021 വരെയുള്ള കാലയളവിലെ ഓഡിറ്റ് 16.2.21 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് പഞ്ചായത്തിൽ **ലഭിച്ചാലുടൻ** ഓഡിറ്റ് പരാമർശങ്ങളിന്മേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. അക്കൌണ്ടന്റ് ജനറലിന്റെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും മുൻകാല റിപ്പോർട്ടുകളിൽ ഇനിയും തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ എത്രയും വേഗം തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക പത്രികകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. 2020-21 കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1 | സെക്രട്ടറി,പട്ടികജാതി വ്യവസായ സംഘം, ഇറവൂർ, | 1 |

| | | |
|---|---|---|
| | വളമംഗലം. | |
| 2 | കുന്നത്ത് ഫിനാൻസ് ലിമിറ്റഡ് | 1 |
| 3 | തുറവൂർ റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 1 |

അതുപോലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | വളമംഗലം ക്ഷീരോൽപാദക സഹകരണ സംഘം. | 2 |
| 2. | തുറവൂർ റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 1 |
| 3 | കുന്നത്ത് ഫിനാൻസ് ലിമിറ്റഡ് | 1 |
| 4 | മിൽമ | 2 |

<u>റേഷൻ കടകളിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്)

<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും വാർഷിക തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. പ്രസ്തുത ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകി തുക അടവാക്കി റിപ്പോർട്ട് ചെയ്തു കൊള്ളാമെന്ന ഇത് സംബന്ധമായ ഓഡിറ്റ് എൻക്വയറി നം.10/23.07.21 ന് സെക്രട്ടറി മറുപടി നൽകുകയുണ്ടായി. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-12 മൊബൈൽ ടവർ-വസ്തുനികുതി</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 8 മൊബൈൽ ടവറുകൾ ഉള്ളതിൽ 6 എണ്ണത്തിന് മാത്രമാണ് വസ്തുനികുതി ഈടാക്കുന്നത് (ഓഡിറ്റ് എൻക്വയറി(9/23.07.2021 ന് കിട്ടിയ മറുപടി പ്രകാരം) കുടിശ്ശികയുള്ള 2 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകൾക്ക് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 31500/-രൂപ പഞ്ചായത്ത് അക്കൗണ്ടിൽ വന്നിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത തുക ഏത് ടവറിനുള്ളതാണെന്ന വിവരം നൽകിയിട്ടില്ലെന്നും കുടിശ്ശിക തുക അടിയന്തിരമായി നോട്ടീസ് നൽകി അടവാക്കുന്നതാണെന്ന് ഇത് സംബന്ധമായ ഓഡിറ്റ് എൻക്വയറി(9/23.07.2021)യ്ക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-13 ഇടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് തിരികെ ലഭിച്ചിട്ടില്ല</u>

28/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20, 2020-21സാമ്പത്തിക വർഷങ്ങളിലെ മുപ്പത്തിയെട്ട് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് ഇ-ടെണ്ടർ

സംവിധാനത്തിലൂടെയാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 75789/-രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ടെന്ന് ഇത് സംബന്ധമായ ഓഡിറ്റന്വേഷണത്തിന്(നം.02/21.07.21) ഇുറവൂർ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിങ് മറുപടി നൽകുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് (A/C No.38632108788) ആരംഭിച്ചിട്ടുണ്ടെങ്കിലും ടി സർക്കുലർ പ്രകാരമുള്ള തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം-149) അബ്കാരി ഷോപ്പുകൾ(കള്ളുഷാപ്പ്) (ക്രമ നം-139),പാൽ സൊസൈറ്റികൾ (ക്രമ നം-132) എന്നിവയുടെ ലൈസൻസ് വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(23/28.07.2021)യ്ക്ക് ഈ സ്ഥാപനങ്ങളെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിന് നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്തു കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്) എ.9-764/2019 -ാം നം.കത്ത് പ്രകാരവും റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-15 വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് മുദ്രപത്രം വാങ്ങിയില്ല.

തുറവൂർ ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ Dtd 14.02.2018 ഖണ്ഡിക 2.2.15, സർക്കാർ ഉത്തരവ് (സാധാ) നം.2728/2017/തസ്വഭവ, തീ.05/08/2017) എന്നിവ പ്രകാരം വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് നിഷ്കർശിച്ചിട്ടുള്ള മുദ്രപത്രം വാങ്ങാത്തതിനാൽ സംസ്ഥാന സർക്കാരിന് ഈയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2020-21

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | ചെലവ് | ആനുകൂല്യം നൽകിയവരുടെ എണ്ണം |
|---|---|---|---|
| 1 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നം. 21/20 | Rs.5,75,000/- | 14 Nos |
| 2 | എസ്.സി വിവാഹ ധനസഹായം പ്രോജക്ട് നം. 23/21 | Rs.10,50,000/- | 10 Nos |
| 3 | എസ്.സി വിവാഹ ധനസഹായം പ്രോജക്ട് നം. | Rs.75,000/- | 1 No |

| | | | |
|---|---|---|---|
| | 148/21 (S.O) | | |
| 4 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പ്രോജക്ട് നം.122/21 | Rs.5,63,300/- | 20 Nos |

വിവാഹ ധനസഹായം,ലാപ്ടോപ്പ് വിതരണ പദ്ധതികളിൽ മാത്രം സർക്കാർ മാർഗ്ഗനിർദ്ദേശം അനുസരിച്ച് മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള നിയമാനുസൃത കരാർ ചമക്കാതിരുന്നതിനാൽ ഒരു ഗുണഭോക്താവിൽ നിന്നും 200 രൂപ വീതം ആകെ 6200 രൂപ മുദ്രപത്രവിലയിനത്തിൽ സർക്കാരിന് ലഭിച്ചില്ല. ഈ തുക സർക്കാരിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ സഹായ പദ്ധതികളിൽ ബിരുദാനന്തര ബിരുദ, മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഉയർന്ന നിരക്കിലുള്ള സഹായമാണ് നൽകുന്നത്. ഈ പദ്ധതിയിലുൾപ്പടെ സർക്കാർ നിഷ്കർശിച്ചിട്ടുള്ള നിരക്കിലുള്ള മുദ്രപത്രം വാങ്ങാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ, നിശ്ചിത സംഖ്യയുടെ മുദ്രപത്രം വഴിയുള്ള കരാർ കൂടാതെ വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. കരാർ വഴി വ്യവസ്ഥകൾ ഉറപ്പാക്കി ആനുകൂല്യങ്ങൾ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാരിന് വന്ന നഷ്ടം 6200/- രൂപ ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-16 കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കുന്നതിൽ അനാസ്ഥ.

2020-21വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി പ്രോജക്ടിൽ (പ്രോ.നം 09/2021) കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ പത്ത് ലക്ഷം രൂപ അടങ്കൽ വച്ചതിനെ തുടർന്ന് ഈയിനത്തിൽ കേന്ദ്ര വിഹിതമായി 9,54,464 രൂപ വിവിധ ഗഡുക്കളായി അനുവദിച്ചിരുന്നു. എന്നാൽ തൻവർഷത്തെ പദ്ധതിയ്ക്കായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2019-20 വർഷവും മേൽ പദ്ധതിയ്ക്കായി 9,44,552 രൂപ അനുവദിച്ചെങ്കിലും 426372 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2020-21 വർഷം ആഹാര സാധനങ്ങൾ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സ് യൂണീറ്റ്, സപ്ലൈകോ എന്നിവയ്ക്ക് സാധനങ്ങളുടെ ബിൽ തുകയായ 8,96,513 രൂപ കുടിശ്ശിക നിലനിൽക്കെയാണ് ഇത്തരത്തിൽ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത്. വികസന ഫണ്ട് പൂർണ്ണമായും ചെലവഴിച്ചതിന് ശേഷം മാത്രം മറ്റ് ഫണ്ടുകളുടെ റിക്വസ്റ്റ് പ്രോസസ് ചെയ്താൽ മതിയെന്ന് പഞ്ചായത്തിൽ നിന്നും നിർദ്ദേശം ലഭിച്ചതിനാലാണ് ഇപ്രകാരം കേന്ദ്രഫണ്ട് ചെലവഴിക്കുവാൻ കഴിയാതിരുന്നതെന്നാണ് ഇതുവിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്(നം.12/26.07.21) ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയത്. വികസന ഫണ്ട് ചെലവഴിച്ചതിന് ശേഷവും 8,96,513 രൂപ കുടിശ്ശിക ഉണ്ടെന്നിരിക്കെ പ്രസ്തുത മറുപടി നിലനിൽക്കുന്നതല്ല. അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി അനുവദിക്കുന്ന കേന്ദ്ര ഫണ്ട് യഥാസമയം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മൺചട്ടി വിതരണം - മുൻകൂർ തുക നൽകി- വിതരണം പാതിവഴിയിൽ.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മൺചട്ടി വിതരണം - ജനറൽ (പ്രോ.നം 65/21) എന്ന പ്രോജക്ട് പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി ഒന്നിന് രൂപ 149.9 രൂപ നിരക്കിൽ 3350 എണ്ണം മൺചട്ടികൾ (335 യൂണീറ്റ്) വിതരണം നടത്തുന്നതിന് 5,02,165/- രൂപയും (വികസന ഫണ്ട് - 3,76,540 രൂപ, ഗുണഭോക്തൃ വിഹിതം 1,25,625 രൂപ) മൺചട്ടി വിതരണം - വനിത (പ്രോ.നം 294/21) എന്ന പ്രോജക്ട് പ്രകാരം 4160 എണ്ണം മൺചട്ടികൾ (416 യൂണീറ്റ്) വിതരണം നടത്തുന്നതിന് 6,23,584/- രൂപയും (വികസന ഫണ്ട് - 467584 രൂപ, ഗുണഭോക്തൃ വിഹിതം 1,56,000 രൂപ) ഉൾപ്പെടെ 9,60,884/- രൂപ റെയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ റെയ്ഡ്കോ മൺചട്ടി വിതരണം പൂർത്തിയാക്കിയിട്ടില്ല. കാർഷിക മേഖലയിൽ നടപ്പാക്കുന്ന ഇത്തരം പദ്ധതികളിൽ സാധനങ്ങൾ കൃത്യമായി വിതരണം നടത്തിയതിന് ശേഷമാണ് പദ്ധതിപ്പണം പിൻവലിച്ച് സ്ഥാപനത്തിന് നൽകേണ്ടത്. ഇതിന് വിരുദ്ധമായി നടപടിക്രമങ്ങളൊന്നും പാലിക്കാതെ മുൻകൂറായി പദ്ധതിപ്പണം ചെലവഴിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

പ്രോജക്ട് നമ്പർ 65/21, 294/21 പ്രകാരമുള്ള മേൽ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേണ്ടത്ര തയ്യാറെടുപ്പുകൾ നടത്തിയതായി കാണുന്നില്ല. ടി പദ്ധതികൾക്ക് 5.3.2021ലെ ഡി.പി.സിയിലാണ് പ്രോജക്ട് റിവിഷൻ നടത്തി അംഗീകാരംലഭിച്ചതെന്നും ഇതുമൂലമാണ് ചട്ടി ഓർഡർ ചെയ്തു ലഭിക്കുന്നതിന് മുമ്പ് തുക മാറി നൽകേണ്ടി വന്നതെന്നതെന്നാണ് കൃഷി ഓഫീസർ രേഖാമൂലം വ്യക്തമാക്കിയത്. വർക്കിംഗ് ഗ്രൂപ്പുകളിലോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ടി പദ്ധതികളുടെ ആസൂത്രണ, നിർവ്വഹണങ്ങളെ കുറിച്ച് വിശദമായ ചർച്ചകളൊന്നും നടക്കുകയുണ്ടായില്ല. ഗുണഭോക്തൃ വിഹിതം ഒടുക്കിയ കർഷകർക്ക് മാസങ്ങൾക്ക് ശേഷവും മൺചട്ടി വിതരണം നടത്തുവാൻ കഴിയാത്തത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയാണ്. വർഷാവസാനം പദ്ധതി ചെലവ് ശതമാനം

വർദ്ധിപ്പിക്കുന്നതിനായി ധൃതിപിടിച്ച് പദ്ധതിപ്പണം ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ പ്രോജക്ടുകൾ പ്രകാരം ഇത്രയധികം തുക വികസന ഫണ്ടിൽ നിന്നും തുക മുൻകൂറായി കൈമാറിയെങ്കിലും എത്ര സമയത്തിനകം ഇവ വിതരണം നടത്തുമെന്നതു സംബന്ധിച്ച് റെയ്ഡ്കോയുമായി കരാർ ഉണ്ടാക്കിയിട്ടില്ല. പദ്ധതി ആസൂത്രണ, നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതിപ്പണം ചെലവഴിക്കുന്നത് ധനദുർവിനിയോഗമാണ്. നാളിതുവരെ 2380 ചട്ടികളാണ് റെയ്ഡ്കോ വിതരണം നടത്തിയിട്ടുള്ളത്. ശേഷിക്കുന്ന മൺചട്ടികൾ എത്രയുംപെട്ടെന്ന് വിതരണം ചെയ്യുവാൻ റെയ്ഡ്കോയ്ക്ക് കർശന നിർദ്ദേശം നൽകേണ്ടതും അവ കൃത്യമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. വിതരണം ചെയ്യുവാൻ ശേഷിക്കുന്ന 5130 മൺചട്ടികളുടെ വിലയിൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 5,76,740 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്ലാൻ ഫണ്ട് ചെലവ് വിവരം

ബിൽ നം 07/21.2.21 – 2,24,800

ബിൽ നം 08/19.2.21 – 2,24,800

ബിൽ നം 11/8.3..21 – 1,51,740

ബിൽ നം 17/9.3..21 – 112400

ബിൽ നം 21/18.3.21 – 1,30,384

ആകെ – 8,44,124/-

## 1-18 അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി ചുമത്തി

2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത ഉറവൂർ സിംഫണി ഫുഡ് സപ്ലിമെന്റ് യൂണീറ്റിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 26/30.1.20 | 109688 | 5218 | ട്രഷറി ബിൽ 04/29.5.20 |
| 2 | 27/1.4.20 | 121679 | 5794 | ട്രഷറി ബിൽ 04/29.5.20 |
| 3 | 28/3.5.20 | 114990 | 5794 | ട്രഷറി ബിൽ 04/29.5.20 |
| 4 | 29/31.5.20 | 115321 | 5491 | ട്രഷറി ബിൽ 05/6.7.20 |
| 5 | 39/25.6.20 | 117526 | 5596 | ട്രഷറി ബിൽ 09/16.9.20 |
| 6 | 40/22.8.20 | 145860 | 6145 | ട്രഷറി ബിൽ 09/16.9.20 |
| 7 | 47/25.9.20 | 146412 | 6972 | ട്രഷറി ബിൽ 13/16.10.20 |
| 8 | 60/30.11.20 | 152292 | 7252 | ട്രഷറി ബിൽ 35/13.3.21 |
| 9 | 61/30.10.20 | 149462 | 7117 | ട്രഷറി ബിൽ 22/23.1.21 |
| 10 | 67/31.12.20 | 148942 | 7092 | ട്രഷറി ബിൽ 22/23.1.21 |
| 11 | 73/28.1.21 | 149205 | 7105 | ട്രഷറി ബിൽ 34/17.2.21 |

| | | | | |
|---|---|---|---|---|
| 12 | 77/27.2.21 | 128772 | 6132 | ട്രഷറി ബിൽ 38/24.3.21 |
| 13 | 82/26.3.21 | 128331 | 6111 | ട്രഷറി ബിൽ 41/30.3.21 |

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017-Central Tax (Rate)ലെ ക്രമ നം 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിലും മേൽ നോട്ടിഫിക്കേഷൻ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് തുക അനുവദിക്കുമ്പോൾ ജി.എസ്.ടി ഒഴിവാക്കി തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പച്ചക്കറിതൈ വിതരണം ചെയ്യുന്നതിന് മുമ്പ് തുക നൽകി

പ്രോജക്ടിന്റെ പേര് – പച്ചക്കറിതൈ വിതരണം.

നിർവ്വഹണം – കൃഷി ഓഫീസർ.

ഫണ്ട് – വികസന ഫണ്ട് ജനറൽ

ചെലവ് വിവരം –

ബിൽ നം 09/23.2.21 – 30,000

ബിൽ നം 09/23.2.21 – 72,600

ബിൽ നം 09/23.2.21 – 1,20,600

ഉറവൂർ കൃഷിഭവന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സമൃദ്ധി പച്ചക്കറി ക്ലസ്റ്റർ നഴ്സറിയിൽ നിന്നും പച്ചക്കറിതൈ വാങ്ങി കർഷകർക്ക് വിതരണം നടത്തുന്നതിനായി നടപ്പാക്കിയ പ്രോജക്ടാണിത് (പ്രോ.നം 117/21). പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി സമൃദ്ധിയിൽ നിന്നും ഇൻവോയ്സ് മാത്രം വാങ്ങി തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. പച്ചക്കറിതൈ ഒന്നിന് 3 രൂപാ ക്രമത്തിൽ 74200 പച്ചക്കറിതൈകളുടെ വിലയായി 2,22,600 രൂപ സമൃദ്ധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സമൃദ്ധി പച്ചക്കറിതൈ വിതരണം തുടങ്ങിയിട്ടില്ല. കാർഷിക മേഖലയിൽ നടപ്പാക്കുന്ന ഇത്തരം പദ്ധതികൾ പ്രകാരം സാധനങ്ങൾ കൃത്യമായി വിതരണം നടത്തിയതിന് ശേഷമാണ് സ്ഥാപനത്തിന് പദ്ധതിപ്പണം പിൻവലിച്ച് നൽകേണ്ടത്. ഇതിന് വിരുദ്ധമായി നടപടിക്രമങ്ങളൊന്നും പാലിക്കാതെ മുൻകൂറായി പദ്ധതിപ്പണം ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. മാനദണ്ഡങ്ങൾ പാലിക്കാതെ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ചെലവ് 2,22,600 രൂപ തടസ്സപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷം വിതരണം ചെയ്യേണ്ടിയിരുന്ന 74,200 പച്ചക്കറിതൈകളിൽ 50,000 എണ്ണം സമൃദ്ധി ഉല്പാദിപ്പിച്ചിരുന്നതാണെന്നും ലോക്ഡൗൺ മൂലം തൈകൾ വിതരണം നടത്തുവാൻ കഴിയാതിരുന്നതെന്നുമാണ് കൃഷി ഓഫീസർ രേഖാമൂലം വ്യക്തമാക്കിയത്. പദ്ധതി എപ്രകാരം ആസൂത്രണം ചെയ്ത നടപ്പാക്കണമെന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും വിശദമായ ചർച്ചകളൊന്നും നടന്നതായി രേഖയില്ല. വർഷാവസാനം പദ്ധതി ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിനായി ധൃതിപിടിച്ച് പദ്ധതിപ്പണം ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി ആസൂത്രണ, നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതിപ്പണം ചെലവഴിക്കുന്നത് ധനദുർവിനിയോഗമാണ്. പഞ്ചായത്ത് തലത്തിൽ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ച് സമൃദ്ധിയിൽ നിന്നും പച്ചക്കറിതൈകൾ കൃത്യമായി ലഭ്യമാക്കുന്നതിനും അവ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ – ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പഞ്ചായത്ത് എൽ.പി സ്കൂൾ പ്രഥമാധ്യാപിക 2020-21 വർഷം നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം (പ്രോ.നം 54/21)പഞ്ചായത്തിന് കീഴിലുള്ള പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വികസന ഫണ്ടിൽ നിന്നും ബിൽ നം 01/6.2.2021 പ്രകാരം 5,00,000 രൂപ പിൻവലിച്ച് എസ്.എസ്.എ-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ എസ്.എസ്.എയിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലിനായി കേരള സംസ്ഥാന വൈദ്യുത ബോർഡിൽ ഡെപ്പോസിറ്റ് പ്രവൃത്തിയായി താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം തൻവർഷം തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1)പ്രോ നം. 162/21( 15-ാം വാർഡിലെ വെട്ടിയകാട്- പൊഴിച്ചിറ എസ്.സി. മേഖലയിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ)

അടങ്കൽ: 99687/-( Scp-51000; ത.ഫ- 26008; ജില്ലാ. പഞ്ചാ. - 22679)

ചെലവ്: 51000/- (ബിൽ നം. 04/20-21/ 13.05.21)

ചെലവിനാധാരമായ തുകകളുടെ എസ്റ്റിമേറ്റിനനുസൃതമായ കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.
മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 51000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)സ്പിൽ ഓവർ പ്രോ.നം. 158/21

അടങ്കൽ :354026/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-187846;ത.ഫ-40063; ജി.പ.-126117 )

ചെലവ് :287955/- ( ധ.ക.ഗ്രാന്റ് -ബിൽ നം. 03/20-21 /11.05.20- 187846/-)

(ജി.പ.- 04/20-21 /13.05.20- 100109/-)

09.07.2020-ൽ സെക്രട്ടറിയും എക്സിക്യൂട്ടിവ് എഞ്ചിനീയർ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചേർത്തല ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയറും തമ്മിൽ ഏർപ്പെട്ട കരാറിൽ ടി പ്രവൃത്തികൾ എന്ന് പൂർത്തിയാക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. ടി കാര്യത്തിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ 28.07.21-ലെ 27-ാം നമ്പർ ഓഡിറ്റന്വേഷണത്തിന് കോവിഡ് മഹാമാരി മൂലമുള്ള ലോക്ക്ഡൌൺ മൂലം പ്രവൃത്തി പൂർത്തികരിച്ചിട്ടില്ലെന്നും ടി പ്രവൃത്തി അടിയന്തരമായി പൂർത്തികരിച്ച് പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 287955/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
മേൽ രണ്ട് പ്രോജക്ടുകളിലുമായി ആകെ 338955/-രൂപ (51000+ 287955) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 സാന്ത്വന പരിചരണ പരിപാടി-2020-21 -മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചില്ല

2020 -21 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വന പരിചരണ പരിപാടി (പ്രോജക്ട് നം-29/2021) പ്രകാരം രോഗികൾക്ക് മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി 16/02/2021 ലെ PRF 5426 നം പ്രോഫോർമ ഇൻവോയിസ് പ്രകാരം കെ.എം.സി.എൽ ന് 120799 രൂപ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരങ്ങളോ മരുന്ന് ലഭ്യമായോ എന്നത് സംബന്ധിച്ച രേഖകളോ ഫയലിൽ നൽകിയിട്ടില്ല.

| പ്രോജക്ട് നം/പേര് | ബിൽ.നം/ തീയതി | പ്രോഫോർമ ഇൻവോയിസ് നം/ തീയതി | തുക | മരുന്ന് ലഭിച്ചത് (രൂപയിൽ) | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|---|
| 29/21- സാന്ത്വന പരിചരണ പരിപാടി | Bill No.30/2020-21 Rs.120799/- C/O 27/02/2021 | പി.ആർ.എഫ് 5426/Dt.16/02/2021 | 120799 | Nil | 120799 |

അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭിയ്ക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം 03/19.7.2021) നൽകിയതിൽ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മുൻകൂർ പണം നൽകിയിട്ടും രോഗികൾക്ക് യഥാസമയം മരുന്നുകളും ഉപകരണങ്ങളും ലഭിക്കാത്ത വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ പരിഗണനക്കായി ശ്രദ്ധയിൽപ്പെടുത്തി ഉപകരണങ്ങളുടെയും മരുന്നുകളുടേയും ലഭ്യത ഉറപ്പാക്കാൻ തക്കവിധം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 120799/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 അഡ്വാൻസായി തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 ൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| പ്രോജക്റ്റിന്റെ പേര് | അഡ്വാൻസ് നൽകിയ തുക | ബിൽ റഫറൻസ് നം | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|
| പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റ് നം- 2/2021 | 7,00,000 | 03/2020-21 Rs.700000 Dtd 18/09/2020 | Rs.581718/- | Rs.118282/- |
| ഉപആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റ് നം- 3/2021 | 4,00,000 | 04/2020-21 Rs.400000 Dtd 18/09/2020 | Rs.330331 | Rs.69,669/- |
| സിദ്ധ ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റ് നം- 76/2021 | 6,00,000 | 02/2020-21 Rs.100000 Dtd 18/09/2020 05/2020-21 Rs.400000 Dtd 13/11/2020 06/2020-21 Rs.100000 Dtd 19/02/2021 | Rs.590852/- | Rs.9148/- |
| | | | | 1,97,099 |

അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭിക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം-6 തീ: 22-07-2021) ക്ക് കോവിഡ് പ്രതിസന്ധി മൂലമാണ് വിതരണം വൈകിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. മുൻകൂർ പണം നൽകിയിട്ടും രോഗികൾക്ക് യഥാസമയം മരുന്നുകളും ഉപകരണങ്ങളും ലഭിക്കാത്ത വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തി സമയബന്ധിത മരുന്നുവിതരണം ഉറപ്പാക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് . ലഭിക്കുവാനുള്ള മരുന്നിന്റെ വിലയായ 1,97,099 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ആയുഷ് ഹോമിയോ ആശുപത്രി -മരുന്നുകൾ ലഭിച്ചില്ല

2020-21 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുഷ് ഹോമിയോ ആശുപത്രിക്ക് മരുന്ന് (പ്രോജക്റ്റ് നം-28/2021) എന്ന പ്രോജക്റ്റ് പ്രകാരം രോഗികൾക്ക് ഹോമിയോ

മരുന്നുകൾ വാങ്ങുന്നതിനായി 12/09/2020 ലെ PRF 470 നം പ്രോഫോർമ ഇൻവോയിസ് പ്രകാരം ആലപ്പുഴ ഹോംകോക്ക് ന് 3,00,000 രൂപ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായോ എന്നത് സംബന്ധിച്ച രേഖകൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

| പ്രോജക്ട് നം/ പേര് | ബിൽ.നം./ തീയതി | പ്രോഫോർമ ഇൻവോയിസ് നം / തീയതി | തുക | മരുന്ന് ലഭിച്ചത് (രൂപയിൽ) | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|---|
| 28/2021 -ആയുഷ് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 27/2020-21 Rs.3,00,000/- 20.01.2021 | 470/12.09.2020 | 300000 | Nil | 300000 |

മുഴവൻ തുകയും നൽകിയിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭിയ്ക്കാത്ത വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തി എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്, സംബന്ധമായ ഓഡിറ്റ് അന്വേഷണത്തിന്(06/22.07.21) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ഉടൻ ലഭ്യമാക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കുകയുണ്ടായി. മരുന്ന് നാളിതുവരെ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതി-അപാകതകൾ

പ്രോജക്ട് നം -10/20-21

അടങ്കൻ - 2,40,000/-(തനത് ഫണ്ട് )

ചെലവ് - 2,27,232

ചെക്ക് നം- 2973507/24/03/2021

തുറവൂർ ഗ്രാമപഞ്ചായത്തിൽ അസി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ 10/20-21 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പദ്ധതി പ്രകാരം 8 ലാപ്ടോപ്പുകളുടെ വിലയായ 2,27,232 രൂപ (പ്രഫോർമ ഇൻവോയ്സ് പ്രകാരം)24/03/2021 ലെ 2973507-ാം നമ്പർ ചെക്ക് പ്രകാരം കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ലാപ്ടോപ്പ് ലഭിച്ചതായോ വിതരണം ചെയ്തതിന്റേയോ രേഖകൾ ലഭ്യമല്ല. വിശദാംശം ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 25/20-21 തീയതി.28.7.2021)യിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപ്പ് ലഭ്യമാക്കി വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ 2,27,232 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 നിർജ്ജീവാവസ്ഥയിലുള്ള ബാങ്ക് അക്കൌണ്ടുകൾ

കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ഗ്രാമ പഞ്ചായത്തിന്റെ നിർജ്ജീവാവസ്ഥയിലുള്ള ബാങ്ക് അക്കൌണ്ടുകളിൽ 2019-20, 2020-21 സാമ്പത്തിക വർഷം പണമിടപാടുകളുടെ വിശദാംശം പരിശോധിച്ചത് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് അക്കൗണ്ട് നം. | 31.3.21ലെ നീക്കിയിരുപ്പ് | പരാമർശം |
|---|---|---|---|
| 1 | കാനറ ബാങ്ക് (നോൺ ബാങ്കിംഗ് ട്രഷറി) 301110100 | 3,54,325 | 2015-16മുതൽ പണമിടപാടുകളില്ല. പലിശ വരവ് മാത്രം. നോൺ ബാങ്കിംഗ് ട്രഷറി നിലവിലില്ലാത്തതിനാൽ |

| | | | |
|---|---|---|---|
| | | | ടി അക്കൗണ്ടിന്റെ ആവശ്യകതയില്ല. ടി അക്കൗണ്ടിലുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. |
| 2 | ബാങ്ക് ഓഫ് ഇന്ത്യ സാക്ഷരത -8521 | 10,752 | 27.2.15 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 3 | ബാങ്ക് ഓഫ് ഇന്ത്യ സാനിട്ടേഷൻ -9004 | 31,454 | 4.1.16 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |

കാനറബാങ്ക് നോൺ ബാങ്കിംഗ് ട്രഷറി അക്കൌണ്ടിൽ(301110100) അവശേഷിക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകകളാണെന്നും ആയത് അടിയന്തരമായി തിരിച്ചടച്ച് ചെലാൻ ഹാജരാക്കുന്നതാണെന്നും, ബാങ്ക് ഓഫ് ഇന്ത്യ സാക്ഷരത -8521യിൽ അവശേഷിക്കുന്ന തുക സാക്ഷരതാ പ്രേരക് മാർക്ക് ഓണം അഡ്വാൻസ് നൽകിയ തുക തിരികെ ലഭിച്ചതാണെന്നും ടി തുക കാനറാ ബാങ്ക് തനത്ഫണ്ട് അക്കൌണ്ടിൽ അടവാക്കി ബാങ്ക് ഓഫ് ഇന്ത്യ അക്കൌണ്ട് ക്ലോസ് ചെയ്യുന്നതാണെന്നും ബാങ്ക് ഓഫ് ഇന്ത്യസാനിട്ടേഷൻ -9004 അക്കൌണ്ടിൽ അവശേഷിക്കുന്ന തുക കാനറ ബാങ്ക് (സാനിട്ടേഷൻ) അക്കൌണ്ടിലേയ്ക്ക് മാറ്റി ബാങ്ക് ഓഫ് ഇന്ത്യ അക്കൌണ്ട് ക്ലോസ് ചെയ്യുന്നതാണെന്നും 21.07.21-ലെ ഒന്നാം നമ്പർ ഓഡിറ്റന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. നിർജ്ജീവാവസ്ഥയിലുള്ള അക്കൌണ്ടുകൾ ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ഇൻഫർമേഷൻ കേരളമിഷന് വിഹിതം നൽകൽ- വിനിയോഗ വിവരമില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ (പ്രോ നം.01/20)ഇൻഫർമേഷൻ കേരളമിഷന് വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം ബിൽ നം.16/20-21/25.09.20 മുഖേന 46795/-രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ എന്ന പേരിൽ തുക എസ്.ബി.ഐ. A/C No. 57047023512 ലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 46795/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ലൈഫ് -സമ്പൂർണ്ണ പാർപ്പിട പദ്ധതി-നിർമ്മാണ പുരോഗതി വിവരം

കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും സുരക്ഷിതമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഗ്രാമപഞ്ചായത്തിന്റെ ലൈഫ് പദ്ധതിയിലൂടെ ആക്ഷൻ പ്ലാൻ പ്രകാരം തെരെഞ്ഞെടുത്ത ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷം പേരും ഇതിനകം ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷാവസാനം പരിശോധിച്ചു പ്രകാരം കരാർ വച്ച ഗുണഭോക്താക്കളിൽ ആകെ അഞ്ച് പേർ മാത്രമാണ് ഭവനനിർമ്മാണം ഇനിയും പൂർത്തീകരിക്കാനുള്ളത്.

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത 5 ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അവസാന ഗഡു വാങ്ങിയ തിയതി |
|---|---|---|---|
| 1 | പുരുഷോത്തമൻ, പുളിയംപള്ളി – വാർഡ് -5 | 200000 | 18-02-2021 |
| 2 | കൗമുദി, കുമാരപുരം – വാർഡ് -02 | 200000 | 15-02-2019 |
| 3 | സുമതി, പള്ളിക്കത്തറ – വാർഡ് -14 | 40,000 | 23-11-2018 |
| 4 | അനിൽകുമാർ, മാമത്ത് നികർത്ത് – വാർഡ് -14 | 2,00,000 | 01-06-2019 |

| | | | |
|---|---|---|---|
| 5 | കവിത പ്രദീപ്, വള്ളിയത്തുചിറ | 40,000 | 17-02-2020 |

മേൽ ഗുണഭോക്താക്കൾ കൂടി ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-29 ലാന്റ് റിലിങ്ക്വിഷ്മെന്റ്- തുടർ നടപടികൾ സ്വീകരിക്കുന്നില്ല

വാർഡ് 3-ലെ തോട്ടുങ്കര-കളരിക്കൽ ഭാഗത്ത് പുതുതായി റോഡ് നിർമ്മിച്ച് ടി ഭാഗത്തെ സഞ്ചാര സൌകര്യം വർദ്ധിപ്പിക്കുന്നതിനായി 36/21 പ്രോജക്ട് പ്രകാരവും 6-ാം വാർഡിൽ പരിഞ്ഞാപ്പള്ളി-കുന്നത്ത് റോഡ് ഫോർമേഷൻ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനായി 59/20പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ച് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്.

തോട്ടുങ്കര- കളരിക്കൽ റോഡിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 185 മീറ്റർ നീളത്തിൽ 3.00 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് 8 ഗുണഭോക്താക്കൾ സ്ഥലം വിട്ടു നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയാറാക്കി പണി പൂർത്തിയാക്കിയിട്ടുണ്ട്.

പരിഞ്ഞാപ്പള്ളി-കുന്നത്ത് റോഡ് ഫോർമേഷന് 3.20മീറ്റർ വീതിയിൽ 266.30മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുന്നതിന് 8 ഗുണഭോക്താക്കൾ സ്ഥലം വിട്ടു നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയാറാക്കി പണി പൂർത്തീകരിച്ചിട്ടുണ്ട്.

മേൽ ഗുണഭോക്താക്കൾ, ലാൻഡ് റിലിങ്ക്വിഷ്മെന്റ് റൂൾ -3 പ്രകാരമുള്ള ഫാറം എ -ൽ അപേക്ഷകൾ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ) റോഡിനായി ഗുണഭോക്താക്കൾ വിട്ടു നൽകിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയായി നിയമപ്രകാരം അവകാശം കൈവന്നിട്ടുണ്ടോ എന്നും 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട് , 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് റൂൾ എന്നിവ പ്രകാരം ഉടമസ്ഥർ വസ്തു കൈയൊഴിഞ്ഞു നല്കുന്നതിനായി നിശ്ചിത മാതൃകയിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ റെവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവിടുകയും തദനുസൃതമായി റെവന്യൂ റെക്കോഡുകളിൽ ആവശ്യമായ കിഴിവുകളും കൂട്ടിച്ചേർക്കലുകളും വരുത്തി പഞ്ചായത്തിന്റെ പേർക്ക് പോക്ക് വരവ് നടത്തിയിട്ടുണ്ടോയെന്നുമുള്ള വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 28/29.07.21)മറുപടി ലഭ്യമായിട്ടില്ല.

വിട്ടു കിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനുള്ള നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated Damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം കരാറുകാരൻ/കൺവീനർ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർ പ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ ,എം.ബുക്ക് നം, | കരാർ കാലാവധി, | പ്രവൃത്തി | ഈടാക്കിയ പിഴ | ഈടാക്കേണ്ടി-യിരുന്ന പിഴ |
|---|---|---|---|---|---|

| | പി.എ.സി. | കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി. | | |
|---|---|---|---|---|---|
| 1 | 22/AE/LSGD/TVR/19-20 Dt: 15.11.2019<br>ശ്രീ. പി.എസ്. സുനിൽകുമാർ<br>31/TVR/2021,48/TVR/20-21<br>പ്രോ നം. 179/20<br>സ്പിൽ ഓവർ പ്രോ.നം. -198/21<br>128-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്<br>പ്രവൃത്തിമൂല്യം-537613/- രൂപ<br>( നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ-602126)<br>ബിൽ നം. 71/20-21/18.03.21- 602126/-<br>എഗ്രീഡ് പി.എ.സി- 551974/- | 6 മാസം.<br>(14.05.20)<br>01.01.20-ൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. | 24.11.2020 | 0 | 14903/-<br>(27 Weeks X0.1%X551974) |
| 2 | 05/AE/LSGD/TVR/19-20/ Dt: 09.08.2019<br>ശ്രീ. ആന്റണി ജോൺ<br>41/TVR/19-20<br>പ്രോ.നം.-59/20 SO 129/21(പരിഞ്ഞാപ്പള്ളി-കുന്നത്ത് റോഡ് ഫോർമേഷൻ- വാർഡ് 6)<br>പ്രവൃത്തിമൂല്യം- 389514/- രൂപ<br>( നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ-436256/-)<br>ബിൽനം. 23/20-21/16.09.20-1,11,153/-<br>29/20-21-25.09.20-325103/-<br>എഗ്രീഡ് പി.എ.സി- 492587/- | 6 മാസം<br>(08.02.2020) | 16.03.2020 | 0 | 2462/-<br>(5 Weeks X0.1%X492587) |
| | ആകെ | | | | 17365/- |

ടി അപാകതയിന്മേലുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (29/29.07.21) മറുപടി ലഭ്യമായിട്ടില്ല.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാഞ്ഞതിനാൽ നിയമാനുസൃത പിഴ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കു വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ബിൽ പ്രകാരമുള്ളതിലും അധികം തുക നൽകി

ഉറവൂർ ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. : 122/21

അടങ്കൽ : 7,04,125/-( പ്ലാൻ ഫണ്ട് - എസ്.സി.പി )

ചെലവ് : 5,63,300/-(ബിൽ നം. 20/2020-21 Dtd 05.03.2021 Rs.563300/-)

ഉറവൂർ ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതിയിൽ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ Dtd 14.02.2018 ഖണ്ഡിക 7.2.8പ്രകാരം ഗ്രാമപഞ്ചായത്തിലെ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ്, സ്വാശ്രയ കോളേജുകളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കായി കെൽട്രോണിൽ വഴി C.P.R.C.S പോർട്ടലിൽ നിന്നും 20 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/PI/RC/21809/2020-21 Dtd 23.02.2021 പ്രകാരം 20 ലാപ്ടോപ്പുകൾക്ക് നികുതിയടക്കം 5,63,300/- രൂപയാണ് കാണിച്ചിരുന്നത്. എന്നാൽ ഫയലിനോടൊപ്പം ഹാജരാക്കിയ ഇ-വേ ബിൽ സിസ്റ്റത്തിലൂടെയുള്ള ഒറിജിനൽ ബിൽ പ്രകാരം 20 ലാപ്ടോപ്പുകളുടെ വില നികുതിയടക്കം 542185/-രൂപ മാത്രമാണ്. എന്നാൽ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക ട്രഷറി വഴി മാറി നൽകിയതിനാൽ യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 21,115/- രൂപ ( Rs.563300-5,42,185) അധികം പദ്ധതിയിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട് . യഥാർത്ഥ ബില്ലിലും അധികരിച്ച് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-4 Dtd 22.07.2021) കെൽട്രോണിന് നൽകിയ തുക രേഖപ്പെടുത്തിയ ഇൻവോയ്സ് അയച്ചുനൽകാമെന്ന് അറിയിച്ചിട്ടുണ്ട് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. സാധനങ്ങളുടെ യഥാർത്ഥ വാങ്ങൽ വിലയിലും അധികമായി നൽകിയ 21,115/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | |
| | | 317625 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 317625 | |
| | | 100000 | അഗതി ആശ്രയ | 100000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | |
| | | 196500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 196500 | |
| | | 176619 | പാലിന് സബ്സിഡി | 176619 | |
| | | 100109 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 100109 | |
| | | 2310115 | അങ്കണവാടി വൈദ്യുതീകരണം | 1484906 | 825209 |
| | | 200000 | പാലിന് സബ്സിഡി | 200000 | |
| | | 300000 | ലൈഫ് | 0 | 300000 |

4-2 <u>നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോ നം.162/21) | 22001411/ 12.04.20 | 51000 | 0 | 51000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോ നം.158/21) | 22001413/ 07.05.20 | 187846 | 0 | 187846 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ(പ്രോ നം.158/21) | 22001414/ 12.05.20 | 100109 | 0 | 100109 |

4-3 <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>

ഇല്ല.

4-4 <u>വായ്പ/വായ്പ തിരിച്ചടവ്</u>

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 500000/- രൂപ വരവ് ഉണ്ട്. മുൻ ബാക്കി 1800000/-രൂപയടക്കം 2300000/-രൂപയിൽ 2020000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് ലോൺ | GO(MS) 24/18 LSGD/11.9.2018 | 500000 | 27303530 | 2751530 | | 25052000 |

4-5 <u>സ്ഥിരനിക്ഷേപങ്ങൾ</u>

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 400000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 400000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

4-6 <u>ഓഡിറ്റ് റിക്കവറി</u>

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 92,998/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2018-19 | 1-14 | 400 | ഫ്രാൻസിസ് | 120030103168/22.03.21 |
| 2018-19 | 1-14 | 100 | മുരളീധരൻ | 120030102198/20.02.21 |
| 2018-19 | 1-14 | 200 | ശിവദാസൻ | 120030102978/16.03.21 |
| 2018-19 | 1-14 | 50 | എ.ജി സതീദേവി | 120030102170/19.02.21 |
| 2018-19 | 1-14 | 100 | എം.സി സുധാമണി | 120030102174/19.02.21 |
| 2018-19 | 1-13 | 1423 | അജയകുമാർ | 120030102189/20.02.21 |
| 2018-19 | 1-13 | 80 | സിദ്ധാർത്ഥൻ | 120030102178/19.02.21 |
| 2018-19 | 1-21 A | 7309 | ജിനീഷ് | 120030100285/02.06.20 |
| 2018-19 | 1-21 A | 4215 | വിനോദ് സി ആർ | 120030100956/05.10.20 |
| 2018-19 | 1-25 | 1897 | അശ്വിനി | 120030100864/24.09.20 |
| 2018-19 | 1-22,32 | 76934 | സുനിൽകുമാർ പി.എസ് | 120030102117/15.02.21 |
| 2013-14 | 2-3-2 | 170 | വിജയപ്രഭ, ജിഷ | 120030101814/21.01.21 |
| ആകെ | | 92878 | | |

4-7 <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 2011-12 | 3-1 | 2013-14 | 3-3 | വ്യാജ ബില്ലുകൾ ചമച്ച് തൈകളും വിത്തുകളും വാങ്ങിയത്. | നിലവിൽ മേൽ വിഷയം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴയിൽ കേസ് നിലനിൽക്കുന്നു. |

4-8 <u>സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

4-9 <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 122256085 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 105302627 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2551335/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 1-17 | 576740 | സുചിത്ര .ബി.ഷേണായ്, കൃഷി ഓഫീസർ |
| 2 | 1-19 | 222600 | സുചിത്ര .ബി.ഷേണായ്, കൃഷി ഓഫീസർ |
| 3 | 1-20 | 500000 | കലാവതി, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ് |
| 4 | 1-21 | 338955 | സതീദേവി രാമൻ നായർ, സെക്രട്ടറി |
| 5 | 1-22 | 120799 | ഡോ നീനാ ചന്ദ്രൻ, എം.ഒ, പി.എച്ച്.സി |
| 6 | 1-23 | 197099 | ഡോ ലക്ഷ്മി യശോധരൻ, എം.ഒ, ആയുർവ്വേദം. |
| 7 | 1-24 | 300000 | ഡോ നീനാ ചന്ദ്രൻ, എം.ഒ, പി.എച്ച്.സി |
| 8 | 1-25 | 227232 | ആഷമോൾ ആന്റണി, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 9 | 1-27 | 46795 | സതീദേവി രാമൻ നായർ, സെക്രട്ടറി |
| 10 | 1-31 | 21115/- | ഫൗലാദ് എ.എഫ്, അസി.സെക്രട്ടറി |
| | ആകെ | 2551335/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 6200/- | ഫൗലാദ് എ.എഫ്, അസി.സെക്രട്ടറി |
| | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | സതീദേവി രാമൻനായർ | സെക്രട്ടറി, ഉറവൂർ ഗ്രാമപഞ്ചായത്ത് | അരവിന്ദം, കടക്കരപ്പള്ളി, ചേർത്തല |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 2 | ദിവ്യാ ജോൺ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനിയർ, ഉറവൂർ ഗ്രാമ പഞ്ചായത്ത് | വെള്ളാപ്പള്ളി ഹൌസ്, കനാൽ വാർഡ്, ആലപ്പുഴ |
| 3 | സിനി എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനിയർ, പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് | തെക്കേത്തണലിൽ, ചേർത്തല |
| 4 | കലാവതി, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, പൂത്തൻ ചന്ത | അജിത് നിവാസ്,കളവംകോട് , ചേർത്തല |
| 5 | സുചിത്ര.ബി.ഷേണായ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഉറവൂർ ഗ്രാമ പഞ്ചായത്ത് | കൊട്ടാരപ്പറമ്പ്, പഴയ തിരുമല പി.ഒ, ആലപ്പുഴ |
| 6 | ആഷമോൾ ആന്റണി, ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഉറവൂർ | പുളിമൂട്ടിൽഹൌസ് പനവൂർ പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം |
| 7 | ഡോ നീനാ ചന്ദ്രൻ, എം.ഒ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് | കവിത,ഉറവൂർ പി.ഒ., ആലപ്പുഴ |
| 8 | ഡോ ലക്ഷ്മി യശോധരൻ, എം.ഒ, ആയുർവ്വേദം. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., ഉറവൂർ ഗ്രാമ പഞ്ചായത്ത് | ഗീതാഞ്ജലി ഹൌസ്, സെന്റ് ജൂഡ് റോഡ്, തേവര, കൊച്ചി, |
| 9 | ഫൗലാദ് എ.എഫ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ഉറവൂർ ഗ്രാമ പഞ്ചായത്ത് | ദാറുൽ അർഖം, നദുവത്ത് നഗർ പി.ഒ, അരൂക്കുറ്റി, ആലപ്പുഴ |

4-10. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11 തീയതി, 17-01-12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13 തീയതി, 05-05-14 |
| 2010-11& 2011-12 | എൽ.എഫ്.എ.പി2-123/121 തീയതി, 30-04-13 |
| 2012-13 | എൽ.എഫ്. എ പി 2-1038/14 തീയതി, 03-08-14/29-11-14 |
| 2013-14 & 2014-15 | കെ.എസ്.എ.എൽ.പി.പി 2-88/2016 തീയതി, 17-02-16 |
| 2015-16 | കെ.എസ്.എ.എൽ.പി.പി 2-22/2017 തീയതി, 05-04-17 |
| 2016-17 | കെ.എസ്.എ.എൽ.പി.പി 2-856/2017 തീയതി, 10.07.2017 |
| 2017-18 | കെ.എസ്.എ.എൽ.പി.പി 2-1253/2018 തീയതി, 30.8.18 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി2-134/2020 തീയതി, 09.06.2020 |

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്